നിർണ്ണയവും സൗജന്യമരുന്ന് വിതരണവും ഉറപ്പാക്കുന്നതിനോടൊപ്പം യോഗ പരിശീലനവും നൽകിവരുന്നു. തൊഴിൽശാലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കായി യോഗ ഇൻ വർക്ക് പ്ലെയിസസ്, വിദ്യാലയങ്ങളിൽ ലീപ്പ് (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനെസ് പ്രോഗ്രാം) എന്നിവ നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ നാഷണൽ ഹെൽത്ത് മിഷൻവഴി നടപ്പിലാക്കിവരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹെൽത്ത് നഴ്സുമാർ മുഖേനയാണ് യോഗ പരിശീലനം നടപ്പിലാക്കിവരുന്നത്. പൊതുജനങ്ങൾക്കായി യോഗ പരിശീലനം നടത്തുന്നതിനുള്ള നടപടികൾ ആയുഷ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) യോഗ പരിശീലനത്തിനായി ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഉഷസ് പദ്ധതി

74 (4877) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (ഉഷസ്) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ ?

ഉത്തരം

അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം (ഉഷസ്) 2014 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

അമ്മയും കുഞ്ഞും പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

75 (4878) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി എന്നുമുതൽ ആരംഭിച്ചുവെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചതുമുതൽ എത്ര പേർ പദ്ധതിയുടെ ഗുണ ഭോക്താക്കളായെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കു ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണ ത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേയ്ക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ലഭ്യമാക്കുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും.

(ബി) ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 486257 അമ്മമാർക്കും 64527 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദമാക്കുന്ന തിനുമായി ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷത്തിലേയ്ക്ക് ആവശ്യമായ ധനസഹായവും ലഭ്യമായിട്ടുണ്ട്.

രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി

76 (4879) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രമം പദ്ധതി ഏതുവർഷം മുതലാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly